## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **5576** — 02.07.2014-ൽ മറുപടിക്ക്

### അട്ടപ്പാടിയിലെ ശിശുമരണങ്ങൾ തടയാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീമതി. കെ. എസ്. സലീഖ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | അട്ടപ്പാടി ആദിവാസി മേഖലയിലെ ശിശുമരണങ്ങളെക്കുറിച്ച് ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം (എൻ.ആർ.എച്ച്.എം) തയ്യാറാക്കിയ സർവ്വേ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | അട്ടപ്പാടിയിൽ ആദിവാസി മേഖലയിൽ ശിശു മരണങ്ങളെക്കുറിച്ച് ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ ആഭിമുഖ്യത്തിൽ നേരിട്ട് സർവ്വേ നടത്തിയിട്ടില്ല. |
| (ബി) | എങ്കിൽ പ്രസ്തുത സർവ്വേ പ്രകാരം പോഷണക്കുറവ് ഉള്ളവരിൽ എത്ര കുട്ടികളുടെ സ്ഥിതിയാണ് ഗുരുതരാവസ്ഥയിൽ ; ഏതു സമയത്തും ഈ അവസ്ഥയിൽ എത്താവുന്ന കുട്ടികളുടെ എണ്ണം എത്രയെന്നാണ് സർവ്വേ സൂചിപ്പിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ; | (ബി) | കുട്ടികളിലെ പോഷകാഹാരക്കുറവ് നിരീക്ഷിക്കുന്നതിന് നൂതനമായ സോഫ്റ്റ്‌വെയർ പരിപാടി ആരംഭിച്ചിരുന്നു. അതാണ് 'ജാതക്'. ഇതുപ്രകാരം ഇപ്പോൾ 104 കുട്ടികൾക്കാണ് ഗുരുതരമായ പോഷണക്കുറവുള്ളത്. ഇവയിൽ 70 കുട്ടികളാണ് ആദിവാസി വിഭാഗത്തിൽ ഉള്ളത്. 2013 മെയ് മാസത്തിൽ നടത്തിയ സർവ്വേയിൽ 299 കുട്ടികളെയാണ് കണ്ടെത്തിയത്. ജൂൺ മാസം മുതൽ പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിച്ചു. ഇതിന്റെ പ്രവർത്തന ഫലമായി ഇപ്പോൾ ഗുരുതര പോഷണക്കുറവുള്ളവർ 70 ആയി കുറഞ്ഞു. തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (സി) | അട്ടപ്പാടി ആദിവാസി മേഖലയിൽ അഞ്ച് വയസ്സിന് താഴെ എത്ര കുട്ടികളുണ്ടെന്നാണ് ആരോഗ്യ വകുപ്പ് കണക്കാക്കുന്നത് ; ഇതിൽ എത്ര കുട്ടികളെ നേരിട്ട് കണ്ടാണ് എൻ.ആർ. എച്ച്.എം. സർവ്വേ നടത്തിയത് ; വ്യക്തമാക്കുമോ ; | (സി) | 5 വയസ്സിനു താഴെയുള്ള 4918 കുട്ടികളാണ് ഇവിടെയുള്ളത്. ഇതിൽ 4248 കുട്ടികളെ ഫീൽഡ് തലത്തിൽ പരിശോധിച്ച് ജാതക് കമ്പ്യൂട്ടർ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനത്തിൽ കണ്ടെത്തിയ കുട്ടികളുടെയും മറ്റ് കുട്ടികളുടെയും പോഷണ പരിചരണങ്ങൾ അംഗനവാടികൾ വഴി ചെയ്തു വരുന്നുണ്ട്. ബാക്കി കുട്ടികളുടെ വിശദാംശങ്ങളും ജാതക് സംവിധാനത്തിൽ സർവ്വെയിലൂടെ ഉൾപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. |

| | |
|---|---|
| (ഡി) മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും നവജാതശിശുക്കൾക്കും അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികൾക്കും 18 വയസ്സിന് താഴെയുള്ള പെൺകുട്ടികൾക്കുമായി അട്ടപ്പാടി ആദിവാസി മേഖലയിൽ ആരോഗ്യവകുപ്പ് എന്തൊക്കെ ക്ഷേമപദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നത് ; വിശദാംശം ലഭ്യമാക്കുമോ ; | (ഡി) മാതൃ-ശിശു സംരക്ഷണത്തിനായി എം.സി.ടി.എസ് (മദർ ആന്റ് ചൈൽഡ് ട്രാക്കിംഗ് സിസ്റ്റം), പോഷണം നിരീക്ഷിക്കുന്നതിനായി ജനനി എന്ന പരിപാടികളും, കൗമാര പ്രായക്കാർക്കായി ആർ.എം.എൻ.സി.എച്ച്+എ (റിപ്രൊഡക്ടീവ് - മെറ്റേണൽ - ന്യൂ ബോൺ - ചൈൽഡ് ഹെൽത്ത് + അഡോളസെന്റ് ഹെൽത്ത്), സ്കൂൾ കുട്ടികൾക്കായി ഡബ്ല്യൂ.ഐ.എഫ്.എസ് (വീക്കിലി അയൺ ഫോളിക് ആസിഡ് സപ്ലിമെന്റ് ആക്ഷൻ), മെൻസ്ട്രൽ ഹൈജീൻ പ്രോഗ്രാം വഴി സാനിറ്ററി പാഡുകൾ നൽകുന്നു. ജെ.എസ്.വൈ. (ജനനി സുരക്ഷാ യോജന), ജെ.എസ്.എസ്.കെ (ജനനി ശിശു സുരക്ഷാ കാര്യക്രമം), ആർ.ബി.എസ്.കെ (രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രമം), ആർ.സി.എച്ച്. ക്യാമ്പുകൾ, ഔട്ട്റീച്ച് ഇമ്മ്യൂണൈസേഷൻ, ആർ.എസ്.ബി.വൈ. എന്നീ പദ്ധതികൾ നടത്തി വരുന്നു. |
| (ഇ) പ്രസ്തുത പദ്ധതികൾക്ക് വകുപ്പ് 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ എന്തു തുക മാറ്റി വച്ചിരുന്നു ; ആയതിൽ ഓരോ വർഷവും എന്തു തുക ചെലവഴിച്ചു ; എത്ര തുക ഓരോ വർഷവും ലാപ്സായി ; വ്യക്തമാക്കുമോ ; | (ഇ) അട്ടപ്പാടി ആദിവാസി മേഖലയിൽ മേൽ പറഞ്ഞ പ്രസ്തുത ക്ഷേമ പദ്ധതികൾക്ക് ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ കൊടുക്കുകയും ചിലവാക്കുകയും ചെയ്ത തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഒരു വർഷവും തുകയൊന്നും ലാപ്സായിട്ടില്ല. |
| (എഫ്) ആരോഗ്യവകുപ്പിന്റെ ഇത്തരം പദ്ധതികളുടെ പ്രയോജനം പൂർണ്ണമായി അട്ടപ്പാടി ആദിവാസി മേഖലയിലുള്ളവർക്ക് കിട്ടുന്നില്ലായെന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എഫ്) മാതൃ-ശിശു ആരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ വകുപ്പും, എൻ.ആർ.എച്ച്.എം. ഉം വഴി ഈ പ്രോഗ്രാമുകളെല്ലാം അട്ടപ്പാടിയിൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (ജി) എങ്കിൽ അട്ടപ്പാടി ആദിവാസി മേഖലയിലെ കുട്ടികൾക്കും ഗർഭിണികൾക്കും ഏറ്റവും വേഗത്തിലും തുടർച്ചയായും മരുന്നും പോഷകാഹാരവും ഉറപ്പ് വരുത്താനുള്ള കാര്യക്ഷമമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ? | (ജി) അട്ടപ്പാടി ആദിവാസി മേഖലയിലെ കുട്ടികൾക്കും ഗർഭിണികൾക്കും മരുന്നും പ്രതിരോധ കുത്തിവയ്പുകളും, അയൺ ഫോളിക് ആസിഡ്, വൈറ്റമിൻ എ തുടങ്ങിയ മൈക്രോ ന്യൂട്രിയൻസ് വിതരണവും ആരോഗ്യ വകുപ്പ് വഴി തടസ്സം കൂടാതെ നടന്നു വരുന്നുണ്ട്. മൂന്ന് ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകളുടെ പ്രവർത്തനവും തടസ്സം കൂടാതെ നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | 2011-12 | | | 2012-13 | | | 2013-14 | | |
|---|---|---|---|---|---|---|---|---|---|
| | നീക്കിയിരുപ്പ് 01.04.11 | കൊടുത്തത് | ചിലവാക്കിയത് | നീക്കിയിരുപ്പ് 01.04.12 | കൊടുത്തത് | ചിലവാക്കിയത് | നീക്കിയിരുപ്പ് 01.04.13 | കൊടുത്തത് | ചിലവാക്കിയത് |
| JSY | 194600/- രൂപ | 207500/- രൂപ | 200100/- രൂപ | 202000/- രൂപ | 433950/- രൂപ | 379400/- രൂപ | 256550/- രൂപ | 0 | 150300/ രൂപ |
| JSSK | | | | | 114850/- രൂപ | 64080/- രൂപ | 300770/- രൂപ | 445825/- രൂപ | 374165/- രൂപ |
| RBSK | | | | | | | | 200000/- രൂപ | |
| SHP | 26000/- രൂപ | 47000/- രൂപ | 26000/- രൂപ | 47000/- രൂപ | 22200/- രൂപ | 49200/- രൂപ | 20000/- രൂപ | 50100/- രൂപ | 10000/- രൂപ |
| AH | | | | | | | | 12000/- രൂപ | |

Section Officer